**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1653** **31-08-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുകയും പ്രസ്തുത കാലയളവിൽ കൃഷിനാശം സംഭവിക്കുകയും ചെയ്ത മണലൂർ മണ്ഡലത്തിലെ ഭൂരിഭാഗം കർഷകർക്കും ഇതുവരെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **2020-2021 വർഷത്തിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്യറൻസ് പദ്ധതിയിൽ ചേരുകയും പ്രസ്തുത കാലയളവിൽ കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിയിൽ നഷ്ടം സംഭവിച്ച കർഷകർക്കായി 1882696.71/- രൂപ അവരുടെ അക്കൗണ്ടിലേക്കു നൽകിയത് തെറ്റായ അക്കൗണ്ട് വിവരങ്ങൾ നൽകിയത് കാരണം തിരികെ വരുകയും ആയതു വീണ്ടും കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം കർഷകരുടെ ആധാർ ലിങ്ക് ചെയ്ത അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | **2020-2021 വർഷത്തിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്യറൻസ് പദ്ധതിയിൽ ചേരുകയും പ്രസ്തുത കാലയളവിൽ കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിയിൽ നഷ്ടം സംഭവിച്ച കർഷകർക്കായി 1882696.71/- രൂപ അവരുടെ അക്കൗണ്ടിലേക്കു നൽകിയത് തെറ്റായ അക്കൗണ്ട് വിവരങ്ങൾ നൽകിയത് കാരണം തിരികെ വരുകയും ആയതു വീണ്ടും കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം കർഷകരുടെ ആധാർ ലിങ്ക് ചെയ്ത അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്.** |
| (സി) | മണലൂർ മണ്ഡലത്തിൽ 2020-21 ലെ മുണ്ടകൻ സീസണിൽ കൃഷി ഇറക്കിയ പാടശേഖരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | മറ്റം പന്നിശ്ശേരി ഗ്രൂപ്പ് ഫാമിംഗ് പാടശേഖര സമിതി, കണ്ടാണശ്ശേരി പാടശേഖര സംഘം, ആര്യംപാശം ഗ്രൂപ്പ് ഫാമിംഗ് പാടശേഖര സമിതി, ആളൂർ ചിറക്കാവ് പാടശേഖര സമിതി, ആളൂർ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി, ചുണ്ടൽ പാടശേഖരം, പാറന്നൂർ പാടശേഖരം, പെലക്കാട്ട് പയ്യൂർ പാടശേഖരം, പെരുമണ്ണ് പാടശേഖരം, തലക്കോട്ടുകര പാടശേഖരം, പറപ്പൂക്കായൽ പാടശേഖരം, എരനെല്ലൂർ പാടശേഖരം, കരിമ്പനഞാൽ പാടശേഖരം, തലക്കോട്ട്കര നോർത്ത് പാടശേഖരം, മണലൂർത്താഴം, ചാത്തൻകുളങ്ങര, താനാപാടം, അന്തിക്കാട് |

| | | | |
|---|---|---|---|
| | | | പാടശേഖരം, മാരുതിത്താഴം, മനക്കൊടി വെള്ളത്തൂർ ഉൾപ്പാടം, കരോട്ടെകോൾപ്പടവ്, ചേറ്റുപുഴ ഈസ്റ്റ്കോൾപ്പടവ് മനക്കൊടി വാരിയം കോൾപ്പടവ്, ചാലാടി പഴംകോൾപ്പടവ്, അഞ്ചുമുറികോൾപ്പടവ്, കോടയാട്ടി വഴിക്കോരന് കോൾപ്പടവ്, ചേറ്റുപുഴ വെസ്റ്റ് കോൾപ്പടവ്, കൃഷ്ണൻകോട്ട കോൾപ്പടവ്, തേമാലിപ്പുറം കരയോരം ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി, തൊട്ടുപുര കോൾപ്പടവ്, ആലപ്പാട് പുള്ള് കോൾപ്പടവ്, കോടന്നൂർ കോൾപ്പടവ്, രജമുട്ട് കോൾപ്പടവ്, എറവ് കൈപ്പിള്ളി അകംപാടം, ആറ്റുമുറി കോൾപ്പടവ്, വിളക്കുമാടം കർഷക സമിതി കോക്കൂർ, കണിയാംതുരുത്, കുറ്റിക്കാട്, കാക്കത്തിരുത്തി, ചെമ്മങ്ങാട്, ബ്രാലായ്, കുണ്ടുപാടം, പറപ്പാടം കിഴക്കേത്തല പാടശേഖരം, മതുകര വടക്ക് പാടശേഖരം, അന്നകര ചിറക്കൽതാഴം, മണൽപുഴ കണ്ണോത്ത്, മുളഞ്ചേരിതാഴം, പറപ്പാടം വടക്ക്, പറപ്പാടം കോൾ കർഷകസംഘം, മതുകര തെക്ക്, അന്നകര വടക്ക്, എഷ്യാഡ് പാവുടായ് പുഞ്ച്, പേനകം കിഴക്ക്, പെരുവല്ലൂർ താഴം പെരുവല്ലൂർ കോൾ, തിരുനെല്ലൂർ എലവത്തൂർ കിഴക്ക്, ചോരാത അക്കര, ഏലമുത, വെണ്ണമുത, വടക്കേകൊഞ്ചിറ, തെക്കേ കൊഞ്ചിറ, പടിഞ്ഞാറെ കരിമ്പാടം, കിഴക്കേ കരിമ്പാടം, തണ്ണീർക്കയാൽ എന്നിവയാണ് മണലൂർ മണ്ഡലത്തിൽ 2020-2021ലെ മുണ്ടകൻ സീസണിൽ കൃഷിയിറക്കിയ പാടശേഖരങ്ങൾ. |
| (ഡി) | പ്രസ്തുത സീസണിൽ രണ്ടാം വിളയായ പുഞ്ചകൃഷി ഇറക്കിയ പാടശേഖരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | മാരുതി ചാത്തംകുളങ്ങര, ആളൂർ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി, പറപ്പക്കായൽ പാടശേഖരം, അന്നകര വടക്ക് പറപ്പാടം, കിഴക്ക് പറപ്പാടം കോൾ കർഷകസംഘം, എലവത്തൂർ കിഴക്ക് പേനകം കിഴക്ക് എന്നീ പാടശേഖരങ്ങൾ രണ്ടാം വിളയായ പുഞ്ച കൃഷി ഇറക്കിയിട്ടുണ്ട്. |
| (ഇ) | മണലൂർ മണ്ഡലത്തിൽ 2020-21 വർഷത്തിൽ ഒന്നാം വിളയും രണ്ടാം വിളയും ഇറക്കിയ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷിനാശം സംഭവിച്ചു; വിശദാംശം നൽകാമോ; | (ഇ) | ഒന്നാം വിള ഇറക്കിയ ഏലമുത പടവിലും പുളിപ്പാണ്ടി പടവിലും കൃഷിനാശം സംഭവിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പാടശേഖരങ്ങളിൽ ഏതെല്ലാം പാടശേഖരങ്ങൾക്ക് കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ? | (എഫ്) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) വ്യക്തിഗത ഇൻഷ്വറൻസ് പദ്ധതിയാണ്. കർഷകർ സമിതി മുഖേന ഗ്രൂപ്പ് ആയി പദ്ധതിയിൽ അംഗങ്ങൾ ആകാത്തതിനാൽ പാടശേഖരത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ലഭ്യമല്ല. എന്നാൽ പദ്ധതി നടത്തിപ്പ് ഏജൻസിയായ |

| | | | |
|---|---|---|---|
| | | | അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയുടെ റിപ്പോർട്ട് പ്രകാരം മണലൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നെൽകൃഷിക്കായി ഇൻഷ്വർ ചെയ്ത കർഷകരുടെ വിവരങ്ങളും നഷ്ടപരിഹാരം നൽകിയ തുക, കർഷകരുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഗ്രാമ പഞ്ചായത്ത് | അംഗങ്ങളായ കർഷകർ | നഷ്ടപരിഹാര തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| അരിമ്പൂർ | 113 | 2999165.96 | 112 |
| ഇളവള്ളി | 9 | 0 | 0 |
| മണലൂർ | 322 | 1882696.71 | 141 |
| മുല്ലശ്ശേരി | 151 | 989221.68 | 31 |
| വെങ്കിടങ്ങ് | 440 | 10102276.80 | 364 |
| കണ്ടാണശ്ശേരി | 0 | 0 | 0 |
| ചൂണ്ടലെ | 0 | 0 | 0 |
| **ആകെ** | **1035** | **15973361.15** | **648** |

സെക്ഷൻ ഓഫീസർ

Scanned with CamScanner